പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1223 **15-10-2026-ൽ മറുപടിയ്ക്ക്**

സമഗ്ര ശിക്ഷാ കേരളയുടെ പ്രവർത്തനങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. കെ. സനോജ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. പി. പി. സുമോദ്

ശ്രീ. കെ. പ്രേമൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സമഗ്ര ശിക്ഷാ കേരളയുടെയും(എസ്.എസ്.കെ) ഇതുമായി ബന്ധപ്പെട്ട ജില്ലാ-ബ്ലോക്ക് തല ഓഫീസുകളുടെയും പ്രവർത്തനം പ്രതിസന്ധിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഗൗരവമായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയം പരിശോധിച്ച് ഇതിന്റെ പ്രധാന കാരണങ്ങൾ വ്യക്തമാക്കാമോ;

മറുപടി: ഇല്ല.

(ബി) ബി.പി.സി. മാരുടെയും ടെയിനർമാരുടെയും ആവശ്യമായ നിയമനങ്ങൾ നടത്താതിരിക്കുകയും ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരെ കൂട്ടത്തോടെ പിരിച്ചുവിടുകയും ചെയ്തുവെന്ന ആരോപണങ്ങളിൽ വസ്തുതയുണ്ടോ; നിലവിൽ ബി.ആർ.സി.കളിൽ മേൽ തസ്തികകളുടെ അവസ്ഥ വ്യക്തമാക്കാമോ;

മറുപടി: എല്ലാ ബി.ആർ.സി.കളിലും ബ്ലോക്ക് പ്രോജക്ട് കോ-ഓർഡിനേറ്റർമാരുടെ നിയമനം പൂർത്തിയായിട്ടുണ്ട്. ടെയിനർമാരുടെ നിയമനത്തിനുള്ള നടപടികൾ പൂർത്തിയാക്കി റാങ്ക് ലിസ്റ്റും സെലക്ട് ലിസ്റ്റും തയ്യാറാക്കിക്കഴിഞ്ഞു. ഉടനെ തന്നെ എല്ലാ ബി.ആർ.സി.കളിലും ടെയിനർമാരുടെ നിയമനം നടത്തുന്നതാണ്.

ഭരണപരമായ സൗകര്യാർത്ഥം ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരെ പിരിച്ചുവിടുകയും പ്രസ്തുത തസ്തികകളിലേക്ക് വിജ്ഞാപനം നടത്തി നിയമന പ്രക്രിയയിലൂടെ പുതിയ ക്ലസ്റ്റർ കോ ഓർഡിനേറ്റർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. റിടെഞ്ച്ഡ് അധ്യാപകരും തസ്തിക നഷ്ടപ്പെട്ട് പുനർവിന്യസിച്ചിട്ടുള്ള അധ്യാപകരും ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിലവിൽ ബി.ആർ.സി.കളിൽ ജോലി ചെയ്യുന്നുണ്ട്.

(സി) സമഗ്രശിക്ഷാ കേരളയുടെ പ്രവർത്തന തടസ്സങ്ങൾ കാരണം ഭിന്നശേഷിക്കാരായ കുട്ടികൾക്കായി ഓണക്കാലത്ത് സംഘടിപ്പിച്ചു വന്നിരുന്ന ഓണച്ചങ്ങാതി എന്ന പരിപാടി ഇത്തവണ മുടങ്ങിപ്പോയിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: കഴിഞ്ഞ ഓണക്കാലത്ത് ഭിന്നശേഷി വിഭാഗം കുട്ടികൾക്കായി ഓണച്ചങ്ങാതി എന്ന പരിപാടി എല്ലാ ബി.ആർ.സി.കളിലും മികവാർന്ന രീതിയിൽ സംഘടിപ്പിച്ചിട്ടുണ്ട്.

(ഡി) വർഷങ്ങളായി ജോലി ചെയ്തുവന്നിരുന്ന ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരെയും മറ്റ് ജീവനക്കാരെയും പിരിച്ചുവിട്ട നടപടി പിൻവലിക്കുകയും ബാക്കി ഒഴിവുള്ള തസ്തികകളിൽ അടിയന്തര നിയമനം നടത്തുകയും ചെയ്ത് എസ്.എസ്.കെ-യുടെ പ്രവർത്തനം സുഗമമാക്കുന്നതിന് തയ്യാറാകുമോ; വിശദമാക്കാമോ?

മറുപടി: ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരെയാണ് പിരിച്ചുവിട്ടിട്ടുള്ളത്. മറ്റ് ജീവനക്കാരെ പിരിച്ചുവിട്ടിട്ടില്ല. ഭരണപരമായ സൗകര്യാർത്ഥം ആവശ്യമുള്ള താൽക്കാലിക ജീവനക്കാരെ കരാർ അടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും നിയമനപ്രക്രിയയിലൂടെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. ഒഴുവുള്ള തസ്തികകളിലേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാർക്ക് നിയമനം നൽകുന്നതിന് അപേക്ഷ ക്ഷണിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു. വർഷങ്ങളായി ജോലി ചെയ്തിരുന്നവർക്കും ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്കും പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് നിശ്ചിത യോഗ്യതയുണ്ടെങ്കിൽ അപേക്ഷിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ